DESPATCHED
On.30/9/21.....



14/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.603(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6019/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 14**

ശ്രീ. രാരൻ കണ്ടത്ത് അബുബക്കർ
S/o കുഞ്ഞുമുഹമ്മദ് ഹാജി,
തൃക്കണാപുരം സൗത്ത്,
മലപ്പുറം – 679 582.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (എൽ.ആർ), താലൂക്ക് ഓഫീസ്, പൊന്നാനി, മലപ്പുറം.

2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, പൊന്നാനി, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07/05/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 18/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/07/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14/09/2021 – വീഡിയോ ഹിയറിംഗ്<br>ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രാരൻ കണ്ടത്ത് അബുബക്കർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ രണ്ടാം എതിർകക്ഷി

മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിന് ലഭിച്ച മറുപടിയും തൃപ്തികരമല്ലാത്തതിനാലാണ് കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിനാൽ തവനൂർ വില്ലേജിലെ തൃക്കണാപുരം അംശം ദേശത്തെ സർവ്വെ നമ്പർ: 503/1–ൽ ഉൾപ്പെട്ട വിവരങ്ങളുടെ അടങ്കൽ പകർപ്പ് എ4 പേജിന് രണ്ട് രൂപാ നിരക്കിൽ നൽകുന്നതിന് നിർദ്ദേശം നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. (എ) 23.12.2020–ന് EI-7234/2021 നമ്പറായി ഇ–മെയിലായി താലൂക്കാഫീസിലേക്ക് അയച്ച അപ്പീലിൽ തഹസിൽദാർ എടുത്ത നടപടി എന്താണെന്നും

(ബി) R-1003084 നമ്പറായി റവന്യൂ മന്ത്രിക്ക് നൽകിയ പരാതി കളക്ടർ, തഹസിൽദാർക്ക് അയച്ചു തന്നതായി അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതിയിൽ എടുത്ത നടപടികൾ എന്താണെന്നും

(സി) R-1003134 നമ്പറായി റവന്യൂ മന്ത്രിക്ക് നൽകിയ ഹർജിയിൽ തഹസിൽദാർ എടുത്ത നടപടികൾ എന്താണെന്നും

ii. (എ) പൊന്നാനി താലൂക്ക് തവനൂർ വില്ലേജ് തൃക്കണ്ണപുരം അംശം ദേശത്ത് സർവ്വെ നം. 503/1–ന്റെ അടങ്കൽ പകർപ്പ്

(ബി) തവനൂർ വില്ലേജ് തൃക്കണാപുരം അംശം ദേശത്ത് സർവ്വെ നം. 504/1ബി2 വിന്റെ അടങ്കൽ പകർപ്പ്

(സി) തവനൂർ വില്ലേജ് തൃക്കണാപുരം അംശം ദേശത്ത് സർവ്വെ നം.504/4ബി യുടെ അടങ്കൽ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 3 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 4.2.2021 തീയതി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖയുടെ ഒരു പകർപ്പിന് 30/– രൂപ അടവാക്കി ചലാൻ ഹാജരാക്കുവാനും രേഖകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് വാങ്ങരുതെന്ന വിവരാവകാശ കമ്മീഷന്റെ വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത WP(C)-35173/2019 നമ്പർ കേസ്സിൽ വിവരാവകാശ കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പ് നിശ്ചയിക്കപ്പെട്ട ഫീസ് വാങ്ങാമെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതാണെന്നുമാണ് അറിയിച്ചത്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ

എ.പി.1153(6)/2016/എസ്.ഐ.സി., എ.പി. 1123(1)/2020/എസ്.ഐ.സി. ഉത്തരവുകൾ പ്രകാരവും ബഹു. കേരള സർക്കാരിന്റെ 28..4..1992-ലെ 4264/ഡി2/92/പി.&എ.ആർ.ഡി. സർക്കുലർ പ്രകാരവും ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് അപ്പീൽ നൽകുന്നതാണെന്നാണ്.

4. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 11.1.2021-ന് അയച്ച അപേക്ഷയ്ക്ക് 4.2.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും വിവരാവകാശ നിയമപ്രകാരമുള്ള ഫീസേ ഈടാക്കുവാൻ പാടുള്ളു എന്ന കമ്മീഷന്റെ വിധി കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ നിയമാനുസൃത ഫീസ് ഈടാക്കണമെന്നുള്ള എസ്.പി.ഐ.ഒ.യുടെ മറുപടി ശരിയാണെന്ന് കാണുന്നുയെന്നും WP(C) 42685/20 നമ്പർ കേസുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ഹർജിക്കാരന് സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ 11.1.2021-ന് അപേക്ഷ സമർപ്പിക്കുകയും ആയതിന് സമയബന്ധിതമായി 4.2.2021 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും, വിവരാവകാശ നിയമ പ്രകാരം നൽകുന്ന പകർപ്പുകൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസേ ഈടാക്കുവാൻ പാടുള്ളു എന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ നിയമാനുസൃത ഫീസ് ഈടാക്കണമെന്നുള്ള എസ്.പി.ഐ.ഒ.യുടെ മറുപടി ശരിയാണെന്ന് കാണുന്നു എന്നും അപേക്ഷകൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-42685/20 നമ്പർ കേസ്സുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 4.2.2021-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ തവനൂർ വില്ലേജ് തൃക്കണ്ണാപുരം അംശം ദേശത്ത് സർവ്വെ നമ്പർ: 503/1, 504/1ബി2 എന്നിവയുടെ അടങ്കൽ പകർപ്പുകൾക്ക് 30/- രൂപ വീതം ട്രഷറിയിൽ അടവാക്കി ചലാൻ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതാണ് ഹർജിക്കാരന്റെ പ്രധാന ആക്ഷേപം എന്നു കാണുന്നു. വിവരാവകാശ നിയമ പ്രകാരം എ4 സൈസിലുള്ള പേജൊന്നിന് 2/-

രൂപ മാത്രമാണ് ഈടാക്കേണ്ടതെന്ന് Kerala Right to Information (Regulation of Fee & Cost Rules), 2006-ൽ പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ, സാധാരണയായി അപേക്ഷകരിൽ നിന്നും ഈടാക്കുന്ന ഉയർന്ന നിരക്കിലുള്ള തുക ഈടാക്കാൻ വിവരാവകാശ നിയമപ്രകാരം സാധിക്കുകയില്ല. എന്നാൽ വിവിധ സർക്കാർ വകുപ്പുകൾ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി മറ്റു സാഹചര്യങ്ങളിൽ ഈടാക്കുന്ന ഫീസ് ഒടുക്കുവാൻ നിർദ്ദേശിക്കുന്നതായി കണ്ടു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഘടന നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഒരു നിർദ്ദേശം സർക്കാർ തലങ്ങളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് എ.പി.2281(1)/18/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിന്മേൽ 4.2.2019-ന് കമ്മീഷൻ ഉത്തരവിലൂടെ പൊതുഭരണ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇതേ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 35173/2019 (V) നമ്പർ കേസിൽ ബഹു.ഹൈക്കോടതി 20.12.2019-ന് മേൽ പരാമർശിച്ച 4.2.2019-ലെ കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയുമാണ്. കൂടാതെ എ.പി.നം.742(3)/2017/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിന്മേൽ 27/02/2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള, മേൽ പരാമർശിച്ച കേസിന്റെ അന്തിമ വിധിക്ക് വിധേയമായി സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കേണ്ടതില്ല എന്ന തീരുമാനം നടപ്പിലാക്കാനാവൂ എന്ന് ഉത്തരവായിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിരിക്കുന്ന WP(C) 35173/2019 (V) നമ്പർ കേസ്സിലെ അന്തിമ വിധിക്ക് വിധേയമായി, നിലവിൽ വിവരാവകാശ നിയമപ്രകാരം നിശ്ചയിച്ച ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ. വിശ്വാസ് മേത്ത**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**